**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3882** **27-10-2021 - ൽ മറുപടിയ്ക്ക്**

**പൊതു ആരോഗ്യമേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. രാജ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനായിട്ടുണ്ടോ; ഇത്തരം കേന്ദ്രങ്ങളിൽ അധികമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയത്; എത്ര മെഡിക്കൽ, പാരാമെഡിക്കൽ, മെഡിക്കൽ ഇതര ജീവനക്കാരെ ഇതിനായി അധികമായി നിയമിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതു ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മ പരിപാടിയുടെ നേതൃത്വത്തിൽ ആർദ്രം പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി 886 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആർദ്രം Ist Phase 170 Institutions IInd Phase 504 Institutions III Phase 212 Institutions Total 886 Institutions കുടുംബാരോഗ്യകേന്ദ്രങ്ങളിലെ സേവനമേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി OP സേവനങ്ങൾ വൈകുന്നേരം 6മണിവരെ ആക്കുകയും, നേഴ്സസ് പ്രീചെക്കപ്പ്, കൗൺസിലിങ്ങ്, നിത്യേനയുള്ള ജീവിതശൈലി രോഗ ക്ലിനിക്കുകൾ, ആസ്മ ചികിത്സക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, ഡിപ്രഷൻ മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ്- ക്ലിനിക്കുകൾ, ലാബോറട്ടറി സൗകര്യം, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടെകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്ന അധിക തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസി. സർജൻ - 170, സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 340, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II :170, ഫാർമസിസ്റ്റ് 150 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അസി. സർജൻ 400, സ്റ്റാഫ് നഴ്സ് ഗ്രേഡ് \|\| 400, ലാബ് |

| | | | |
|---|---|---|---|
| | | | ടെക്നീഷ്യൻ ഗ്രേഡ് II - 200 എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങളാണ് ലക്ഷ്യമാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | 1. ആരോഗ്യ സംബന്ധമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. 2. ദേശീയ ആരോഗ്യ പദ്ധതികളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. 3. സംസ്ഥാന ആരോഗ്യ പദ്ധതികളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. 4. പ്രത്യേക ദിവസങ്ങളിൽ ഉപകേന്ദ്രങ്ങൾ വഴി ദേശീയ വാക്സിനേഷൻ പട്ടികപ്രകാരമുള്ള വാക്സിനേഷൻ നൽകുന്നു. 5. കുടുംബാസൂത്രണ (Family Planning) മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തുന്നു. 6. ആവശ്യക്കാർക്ക് നിരോധ് വിതരണം ചെയ്യുന്നു. 7. ORS വിതരണം ചെയ്യുന്നു. 8. ആരോഗ്യ സംബന്ധമായ വിവര ശേഖരണം നടത്തുന്നു. 9. ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുന്നു. 10. ഗർഭകാല ആരോഗ്യ സംരക്ഷണത്തെ ക്കുറിച്ച് അറിവ് നൽകുന്നു. 11. വിവിധ ആരോഗ്യ പദ്ധതികളെക്കുറിച്ച് അറിവ് നൽകുന്നു. 12. പകർച്ച വ്യാധികൾ തടയുന്നതിനുള്ള പ്രവർത്തനം നടത്തുന്നു. 13. ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. |
| (സി) | ഇത്തരം കേന്ദ്രങ്ങളെയെല്ലാം വെൽനെസ് സെന്ററുകളായി ഉയർത്താൻ പരിപാടിയുണ്ടോ; വെൽനെസ് സെന്ററുകൾ വഴി എന്തെല്ലാം സേവനങ്ങൾ ലഭ്യമാകുമെന്ന് അറിയിക്കാമോ? | (സി) | ഇത്തരം കേന്ദ്രങ്ങളെയെല്ലാം വെൽനസ് സെന്ററുകളായി ഉയർത്താനുള്ള പദ്ധതിയുണ്ട്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളായി മാറുമ്പോൾ താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ മുറികൾ, രോഗീസൗഹൃദ ശുചിമുറികൾ, ക്ലിനിക്-കം-ഓഫീസ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഫീഡിംഗ് റൂം, ഐ.യു.സി.ഡി.റൂം, സ്റ്റോർ കൂടാതെ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, കുടിവെള്ള വിതരണം, പൂന്തോട്ടം, കുട്ടികൾക്ക് കളിസ്ഥലം എന്നിവ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരുക്കുകയോ ഉറപ്പ വരുത്തുകയോ ചെയ്യും. |

സെക്ഷൻ ഓഫീസർ